ഗവണ്മെന്റ് കോർപ്പറേഷനുകളിലേയും, ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള കമ്പനികളിലേയും നിയമനങ്ങൾ

5 [6] **ശ്രീ. എൻ. കെ. ബാലകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഗവണ്മെന്റ് രൂപീകരിച്ച കോർപ്പറേഷനുകളിലേയും ഗവണ്മെന്റുടമയിലുള്ള കമ്പനികളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അഴിമതികൾ നടന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതേപ്പറ്റി ഒരന്വേഷണം നടത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ, ബി) ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(സി) ഗവണ്മെന്റിനറിവില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ കെ.എം. മാണി: 'ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അഴിമതികൾ നടന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്ന ചോദ്യത്തിനു', 'ഗവണ്മെന്റിനറിവില്ല' എന്നാണു' മറുപടി പറഞ്ഞതു'. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഉദ്യോഗ നിയമനങ്ങളിൽ 50 ശതമാനം മാർക്സിസ്റ്റു പാർട്ടിക്കാരെ സംഘടിപ്പിച്ചു നിയമനം ചെയ്തിരിക്കുകയാണെന്നും, ജില്ലാ കമ്മിറ്റിയുടേയും സ്റ്റേറ്റു കമ്മിറ്റിയുടെയും ശുപാർശയനുസരിച്ചാണു' വിഹിതം നിശ്ചയിക്കുന്നതെന്നും, അതിനു തെളിവായി കണ്ണൂർ ജില്ലാ കമ്മിറ്റി അയച്ച ഒരു ലറ്ററിന്റെ ഫോട്ടോസ്റ്റാറ്റു തെളിവായി ഹാജരാക്കി കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിച്ച ആരോപണത്തെപ്പറ്റി ഗവണ്മെന്റു' അന്വേഷിക്കുകയുണ്ടായോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഗവണ്മെന്റു' പരിശോധിച്ചു. അത്തരത്തിലുള്ള നിയമനങ്ങൾ നടന്നിട്ടില്ല.

ശ്രീ. എൻ. കെ. ശേഷൻ: ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്ന കാര്യത്തിൽ എത്രകാലത്തിനകം തീരുമാനം ഉണ്ടാകും ?

ശ്രീ ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട്: വളരെ കാലതാമസമുണ്ടാവുകയില്ല.

ശ്രീ. ഇ ചന്ദ്രശേഖരൻ നായർ: നിയമനാധികാരം പി. എസ്. സി. ക്കു നൽകണമെന്നാണോ വേറെ വല്ല ബോഡിക്കും നൽകാനാണോ പരിഗണനയിലുള്ളതു' ?

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട്: പല നിർദ്ദേശങ്ങളും പരിഗണനയിലിരിക്കുകയാണു'.

ടി. സി. സി. യിലെ ഉല്പന്നങ്ങൾ

6 [7] **ശ്രീ. പി. എസ്. നമ്പൂതിരി**
,, എം. രാമണ്ണറി
} താഴെ കാണുന്ന ചോദ്യത്തിനു' മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ടി. സി. സി യെപ്പറ്റിയുള്ള ശ്രീ. രാമൻകുട്ടിയുടെ റിപ്പോർട്ടിൽ വിജിലൻസ് ഉദ്യോഗസ്ഥന്മാരുടെ നടപടികളെപ്പറ്റിയുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: അന്വേഷണ റിപ്പോർട്ടിൽ ടി. സി. സി. യിലെ മാനേജിംഗ് ഡയറക്ടർ കുറ്റം ചെയ്തിട്ടില്ലെന്നും ക്രൈംബ്രാഞ്ചും, വിജിലൻസ് വകുപ്പും കുഴപ്പങ്ങൾ കാണിച്ചിട്ടുണ്ടെന്നും കാണുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കാൻ കാലതാമസത്തിനു കാരണമെന്താണ്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: റിപ്പോർട്ടുകൾ ആകെ ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ടി. സി. സി. അംഗീകൃത എജൻസി ക്കല്ലാതെ, ഉല്പന്നങ്ങൾ നേരിട്ടു വിതരണം നടത്തിയതായി റിപ്പോർട്ടിൽ പറഞ്ഞിരിക്കേ, മാനേജിംഗ് ഡയറക്ടർ ശ്രീ. മലയാറ്റൂർ രാമകൃഷ്ണനും, എഫ്. എ. സി. ടി. മാനേജിംഗ് ഡയറക്ടർ ശ്രീ. എം. കെ. കെ. നായരും പരസ്പരവിരുദ്ധമായ പ്രസ്താവനകൾ ഇറക്കിയിട്ടുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: റിപ്പോർട്ടിന്റെ ഉള്ളടക്കവും അതുമായി ബന്ധപ്പെട്ട മറ്റെല്ലാകാര്യങ്ങളും ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. രാമണ്ണി: ടി. സി. സി. യെ വിജിലൻസ് കമ്മീഷന്റെ അന്വേഷണ പരിധിയിൽനിന്നു മാറ്റി നിറുത്താൻ കാരണം എന്താണ്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: മാറ്റി നിറുത്തിയതല്ല. പബ്ലിക് സെക്ടറിലുള്ള ഇന്നയിന്ന സ്ഥാപനങ്ങളെല്ലാം അതിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ടുള്ള ആർഡർ ഒന്നിനുപിറകെ ഒന്നായി ഉണ്ടായിട്ടുള്ളതിൽ ചില സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്, ചിലതു് ഉൾപ്പെടാതെയുണ്ട്. കൂട്ടത്തിൽ ഇതും പെട്ടുവന്നേയുള്ളൂ.

ശ്രീ. എം. രാമണ്ണി: ഇത്തരം സ്ഥാപനങ്ങൾ മുഴുവൻ വിജിലൻസ് കമ്മീഷന്റെ അന്വേഷണപരിധിയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ കാര്യം പരിശോധിക്കാം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: പൊതുമേഖലാസ്ഥാപനങ്ങളിലെ ഉല്പന്നങ്ങളുടെ വില്പന ഏജൻസികൾവഴി നടത്തുന്ന രീതി നിറുത്തലാക്കി, സെയിൽസ് ഓർഗനൈസേഷൻ രൂപീകരിക്കണമെന്നു് നിയമസഭയുടെ എസ്റ്റിമേറ്റു കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളതു് ഗവണ്മെൻറ് പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: നോട്ടീസു വേണം.

ശ്രീ. കെ. എം. മാണി: ടി. സി. സി. യിലെ ക്രയവിക്രയങ്ങളെസംബന്ധിച്ചു ശ്രീ. കെ. കെ. രാമൻകുട്ടിയും, ശ്രീ. മലയാറ്റൂർ രാമകൃഷ്ണന്റെ പെയ്തികളെപ്പറ്റി വിജിലൻസു കമ്മീഷനും അന്വേഷണംനടത്തി അവരവരുടെ അന്വേഷണറിപ്പോർട്ട ഗവണ്മെൻറിനു സമർപ്പിക്കുകയും രണ്ടു റിപ്പോർട്ടുകളും പരിശോധിച്ചതിനുശേഷം, ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ക്യാബിനറ്റ്, മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തുകയുംചെയ്തിട്ട് ഭാഗികമായ റിപ്പോർട്ടുമാത്രം പ്രസിദ്ധീകരിക്കാൻ കാരണമെന്താണ്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽ ഭാഗികമായ സത്യവും ഭാഗികമായ അസത്യവും ആയിട്ടുള്ള പ്രസ്താവനകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: രണ്ട റിപ്പോർട്ടുകൾ ഗവണ്മെൻറിന കിട്ടിയതിന ശേഷം, ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കുകയും ആ റിപ്പോർട്ടമാത്രം പ്രസിദ്ധീകരിക്കുകയുംചെയ്യുത നിയമപരമായ നടപടിയാണോ എന്നാണ ഞാൻ ചോദിച്ചത".

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ ചോദ്യത്തിനും 'ഭാഗികമായ സത്യവും ഭാഗികമായ അസത്യവും അടങ്ങിയതാണെന്ന' നേരത്തേ പറഞ്ഞ മറുപടിയാണ പറയാനുള്ളത്".

ശ്രീ. കെ. എം. ജോജ്ജ്: ശ്രീ. കെ. എം. മാണിയുടെ ചോദ്യം ഭാഗികമായ സത്യവും ഭാഗികമായ അസത്യവും അടങ്ങിയതാണെന്നു മുഖ്യമന്ത്രി പറഞ്ഞു. മുഴുവൻ സത്യവും അടങ്ങിയ വിവരങ്ങൾ എല്ലാ കാര്യത്തെസംബന്ധിച്ചും ഞങ്ങൾക്ക കിട്ടിയെന്നവരികയില്ല. അതുകൊണ്ട് ചോദ്യങ്ങൾ ഭാഗികമായ സത്യമോ ഭാഗികമായ വസ്തുതകളോ കലർന്നതായിരിക്കും. അതിന് ഇങ്ങനെ ഒഴിഞ്ഞു മാറുന്ന രീതിയിൽ മറുപടി പറയുന്നത ശരിയാണോ? വളരെ ഗൗരവമേറിയ, വളരെയധികം പ്രത്യാഘാതങ്ങൾക്ക അവസരമുണ്ടാക്കിയ ഒരു കാര്യത്തെക്കുറിച്ച ചോദിക്കുമ്പോൾ വ്യക്തമായ മറുപടി പറയാൻ മുഖ്യമന്ത്രി ബാദ്ധ്യസ്ഥനല്ലേ ?

ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: രണ്ട അന്വേഷണങ്ങൾ നടന്നുവെന്നും രണ്ട റിപ്പോർട്ടുകൾ കിട്ടിയെന്നും ഇവിടെ പറഞ്ഞു, അതിൽ ഏതു സത്യം ഏതു അസത്യം എന്ന വിശദമാക്കാൻ ശ്രമിച്ചാൽ അതു പൊതുതാൽപര്യത്തിന യോജിച്ചതായിരിക്കുകയില്ല.

ശ്രീ. കെ. എം. ജോജ്ജ്: ടി. സി. സി. മാനേജിംഗ് ഡയറക്ടർ ശ്രീ. മലയാറ്റൂർ രാമകൃഷ്ണനെസംബന്ധിച്ച അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വകുപ്പുമന്ത്രിയോട് ആലോചിക്കാതെ വകുപ്പുമന്ത്രിയുടെ അറിവുകൂടാതെയാണോ മുഖ്യമന്ത്രി സ്ഥലംമാറ്റനടപടി സ്വീകരിച്ചത് ? മാർക്സിസ്റ്റു പാട്ടിയിൽനിന്നു പീഡനം ഏൽക്കേണ്ടിവരുമെന്നു പറഞ്ഞു ശ്രീ. രാമകൃഷ്ണൻ അവധിക്കു അപേക്ഷിക്കുകയുണ്ടായി എന്നു പറയുന്നത ശരിയാണോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതുസംബന്ധിച്ച ഔദ്യോഗിക കത്തിടപാടുകളിലെ വിവരം പുറത്താക്കുന്നത് പൊതുതാൽപര്യത്തിന യോജിച്ചതായിരിക്കുകയില്ല.

ശ്രീ പി. കെ. ഗോപാലകൃഷ്ണൻ: അന്വേഷണകമ്മീഷന്റെ പരിഗണനയ്ക്കായി നാല കാര്യങ്ങൾ സമർപ്പിച്ചിരുന്നതിൽ മൂന്ന കാര്യങ്ങളിലും മാനേജിംഗ് ഡയറക്ടർ ഉത്തരവാദിയല്ലെന്ന വ്യക്തമായി റിപ്പോർട്ടചെയ്തിട്ടുണ്ട്. നാലാമതായി

"The correctness or otherwise of the procedure adopted by the Vigilance and the Sales-tax Officers."

എന്നു പറഞ്ഞിട്ടുണ്ട്.

അതിനുംപുറമേ,

The position is clear that the Vigilance Commission has no jurisdiction over the T. C. C. .....and therefore also have no right to conduct any surprise check in the T.C.C.

എന്നും റിപ്പോർട്ടിൽ കാണുന്നു. വേറൊരു ഭാഗത്തു

It is indeed regrettable that a person holding the position of a Deputy Superintendent of Police in the X-Branch who is expected to do things without fear or favour has allowed himself to be a tool in the hands of a set of persons who are after the Managing Director's Blood

LIBRARY ARCHIVES Kerala Legislative Assembly

എന്ന വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതായത് മാനേജിംഗ് ഡയറക്ടറുടെ രക്ത ബന്ധുക്കളായ ചിലരുടെ പാവയായി ഡി. വൈ. എസ്. പി. പ്രവർത്തിച്ചതായും ആരോപണം റിപ്പോർട്ടിൽ ഉണ്ടായിരിക്കേ അതിന്മേൽ നടപടിയെടുക്കാതിരിക്കാൻ കാരണമെന്താണെന്നു മുഖ്യമന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: റിപ്പോർട്ടിലുള്ള പല കാര്യങ്ങളെ സംബന്ധിച്ചും പല പരാമർശങ്ങളും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് അതിനെപ്പറ്റി ചില വ്യാഖ്യാനങ്ങളുണ്ട്. ആ വ്യാഖ്യാനങ്ങളും പരാമർശങ്ങളും, ബഹുമാനപ്പെട്ട മെമ്പർക്കില്ലാത്ത വ്യാഖ്യാനങ്ങളും എല്ലാം ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ പരിശോധനകഴിഞ്ഞിട്ടല്ലാതെ, ബഹുമാനപ്പെട്ട മെമ്പറുടെ പ്രത്യേക വ്യാഖ്യാനം അനുസരിച്ചുള്ള കാര്യത്തിൽമാത്രം ഉടനെ നടപടിയെടുക്കണമെന്നു പറഞ്ഞാൽ അതു സാധ്യമല്ല.

ശ്രീ. പി. കെ. ഗോപാലൻകുട്ടി: ഏകപക്ഷീയമായ ഒരു നിഗമനത്തിലെത്തിച്ചേർന്നതിനുശേഷം മാനേജിംഗ് ഡയറക്ടറുടെ സ്ഥലംമാറ്റുകയും, വ്യക്തമായ ആരോപണങ്ങളുള്ള കാര്യത്തിൽ ഒരു നിഗമനത്തിലെത്തിച്ചേരാതിരിക്കുകയും ചെയ്യുന്ന ഗവണ്മെന്റിന്റെ വിചിത്രമായ നടപടിക്കു കാരണം എന്താണ്?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റക്കാര്യത്തിലും വ്യക്തമായ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. കെ. എം. ജോർജ്: അന്വേഷണകമ്മീഷന്റെ റിപ്പോർട്ടിന്മേൽ വ്യക്തമായ തീരുമാനം എടുക്കുന്നതിനുമുൻപു മാനേജിംഗ് ഡയറക്ടറുടെ രക്തബന്ധുക്കളായി ചില മാർക്സിസ്റ്റുകാർ ഉണ്ടെന്ന ആരോപണം അസ്ഥാനമാകുമോ? ഈ സ്ഥലംമാറ്റിയതു ശരിയായ നടപടിയാണോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഗവണ്മെന്റിന്റെ പരിശോധന കഴിഞ്ഞിട്ട് അതുസംബന്ധിച്ച ഗവണ്മെന്റ് എടുക്കുന്ന തീരുമാനം വരുമ്പോൾ എല്ലാം വ്യക്തമാകും.

ശ്രീ. കെ. കരുണാകരൻ: അന്വേഷണകമ്മീഷൻ അന്വേഷണം നടത്തുന്നതിന്റെ നിയമസാധുതയെ സംബന്ധിച്ച ഗവണ്മെന്റ് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഗവണ്മെന്റിനു കിട്ടാവുന്നിടത്തോളം നിയമോപദേശം തേടിയിട്ടാണ് ഈ കാര്യം ചെയ്തിട്ടുള്ളതു.

സംഗീതകോളേജു വിദ്യാർത്ഥികളുടെ സമരം

7. [8] ശ്രീ. സി. ഗോവിന്ദപ്പണിക്കർ:
,, ആർ. കൃഷ്ണൻ (പാലക്കാട്): } താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംഗീത കോളേജു വിദ്യാർത്ഥികൾ ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുന്നതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു;

(സി) പ്രസ്തുത വിദ്യാർത്ഥിവിഭാഗത്തിന്റെ അവശ്യകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്.

(ബി) അവർ ഉന്നയിച്ചതിൽ ചില പ്രധാനപ്പെട്ടവ താഴെ ചേർത്തിട്ടുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly